നമ്പർ. C1/33481/19/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
**തീയതി : 30- 8- 2019**

## <u>സർക്കുലർ</u>

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ - 2019 വർഷത്തെ പ്രളയത്തെ തുടർന്ന് നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങളുടെ നഷ്ടം പരിഹരിക്കുന്നതിന് ശനിയാഴ്ചകൾ ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന :- 26-08-2019 തീയതിയിലെ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നുള്ള കെ3/268/2019/ഉ.വി.വ നമ്പർ കത്ത്.

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരവധി അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ കോഴ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ശനിയാഴ്ചകൾ ഉൾപ്പടെയുള്ളയുള്ള അവധി ദിവസങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ സ്വീകരിക്കുണമെന്ന് മേൽ സൂചന പ്രകാരം സർക്കാർ നിർദേശിച്ചിരിക്കുന്നു. ആയതിനാൽ ഈ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രളയം മൂലം നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങളുടെ നഷ്ടം നികത്തുന്നതിനായി നഷ്ടപ്പെട്ട ദിവസത്തിന് ആനുപാതികമായി ശനിയാഴ്ചകൾ ഉൾപ്പടെയുള്ളയുള്ള അവധി ദിവസങ്ങളിൽ ക്ലാസ്സുകൾ നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ സ്വീകരിക്കുണമെന്ന് ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളേയും അറിയിക്കുന്നു.

ഡോ. കെ.പി ഇന്ദിരാദേവി
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളുടേയും അറിവിലേയ്ക്ക്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്